മസ്ദൂർ തസ്തികയിലെ റാങ്ക് ലിസ്റ്റ്

56 [2011] ശ്രീ. ഇ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ കോട്ടയം ജില്ലയിലെ ഇലക്ട്രിസിറ്റി മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ ആണ് ആകെ ഉള്ളത്; അതിൽ എത്ര ഒഴിവുകൾ ആണ് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) താൽക്കാലിക ജീവനക്കാരെ മസ്ദൂർ തസ്തികയിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 415 ഒഴിവുകളുണ്ട്. അവയെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 236 താൽക്കാലിക ജീവനക്കാർ മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്.

വൈദ്യുതി ചാർജ് വർദ്ധന

57 [2016] ശ്രീ കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) നിശ്ചിത യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ് വർദ്ധനയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ പൂർണ്ണമായും വൈദ്യുതി ചാർജിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) പ്രതിമാസ ഗാർഹിക ഉപഭോഗം ഇരുപത് യൂണിറ്റിൽ കവിയാത്ത എല്ലാവരേയും വൈദ്യുതി ചാർജ്ജ് നല്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരുടെ പ്രതിമാസ ഉപഭോഗം 20 യൂണിറ്റിൽ കവിയാൻ സാദ്ധ്യതയില്ല. അതുകൊണ്ട് ഇവർക്ക് പ്രത്യേക പരിഗണന നല്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly